# ഇതൾ

## ഡിജിറ്റൽ മാഗസിൻ



## ജി എച്ച് എസ് ചേനാട്

ഓൻപതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ്
വിദ്യാർത്ഥികൾ തയ്യാറാക്കിയ
'ഇതൾ '
എന്ന് പേരിട്ടിട്ടുള്ള  ഡിജിറ്റൽ മാഗസിൻ
വിദ്യാർത്ഥികളുടെ  ഐ.റ്റി. മേഖലയിലെ
വിവിധ കഴിവുകൾ പ്രകടിപ്പിക്കുന്നതിൽ
നന്നായി  വിജയിച്ചിരിക്കുന്നു.ഇതിൽ പങ്കെടുത്ത മുഴുവൻ കുട്ടികൾക്കും
അഭിനന്ദനങ്ങൾ

ഹെഡ് മാസ്റ്റർ
ശ്രീ . സന്തോഷ്  കുമാർ



വായനയുടെ നൂതനതലങ്ങളിലേക്ക് നമ്മെ കൂട്ടികൊണ്ട് പോകുകയാണ് ഇതൾ എന്ന ഡിജിറ്റൽ മാഗസിൻ. മഷിതണ്ടുകൊണ്ട് വീണ്ടും വീണ്ടും മായിച്ചെഴുതുന്ന കാലഘട്ടത്തിൽ നിന്ന് എഴുത്ത് ദിശ മാറി ഒഴുകുന്നത് അനുഭവവേദ്യമാകുന്നു.ഇവിടെ പുതിയൊരു ചുവടുവയ്പ്പിന് എല്ലാ ആശംസകളും ഒപ്പം പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കും

ഷീബ എൻ കെ

സീനിയർ അസിസ്റ്റന്റ്

## ആശംസകൾ

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ ഡിജിറ്റൽ സർഗ്ഗ സൃഷ്ടിയാണ് ഇതൾ . ഡിജിറ്റൽ സർഗ്ഗ ഉള്ളടക്ക സമ്പുഷ്ടത കൊണ്ടും രചന വൈവിധ്യം കൊണ്ടും ഈ ഉദ്യമം ഏറെ മികവ് പുലർത്തുന്നു.
കാലോചിത മാറ്റങ്ങളിലൂടെ നമ്മുടെ കുട്ടികൾ മുന്നേറുന്നു എന്നതിൽ ഏറെ സന്തോഷം
ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും , ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയ അധ്യാപകരെയും അഭിനന്ദിക്കുന്നതിനോടപ്പം ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു ...

എം .ജി .ഷാജി
സ്റ്റാഫ് സെക്രട്ടറി



# ആശംസ

ചേനാടിൻെറ കളിമുറ്റത്തേയ്ക്ക് അടർന്നുവീണ ഈ മഴവില്ലിന് ഏഴ് നിറങ്ങളുമുണ്ട്. ഇതിലേക്ക് മിഴിതുറന്നത് കുറേ മനസ്സുകളാണ്. ചേനാട് ഗവ: ഹൈസ്ക്കൂൾ " ലിറ്റിൽ കൈറ്റ്സ്" ക്ലബ്ബിൻെറ ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ദീപടീച്ചർ
വിദ്യാരംഗം കോർഡിനേറ്റർ.

ജി .ച്ച് .എസ് ചേനാട് എന്ന സ്കൂൾ 435 കുട്ടികൾ സ്ഥിതിചെയ്യുന്ന സ്കൂളാണ് .ഇവിടെ 50 ശതമാനവും എസ് റ്റി വിഭാഗം കുട്ടികൾ ആണുള്ളത് .അതിനാൽ ഈ സ്കൂൾ ചെതലയം ടൗണിലെ ഏക പൊതുവിദ്യാലയമാണ്. നമ്മുടെ സ്കൂളിൽ നിന്നും പഠിച്ചു പോയ മണി എന്ന വ്യക്തി ഇപ്പോൾ ഒരു സിനിമാ നടൻ ആണ് അതിൽ നമുക്ക് അഭിമാനിക്കാം. ഞങ്ങളുടെ സ്കൂളിൽ നമ്മളെ പഠിപ്പിക്കുന്ന ടീച്ചർമാരുടെ ഇടപെടലുകൾ നമുക്ക് ഏറെ പ്രിയങ്കരമായി തീരുന്നു .സ്നേഹവും ഐക്യവും ഏറെ ഉള്ള ഒരു സ്കൂളാണ് നമ്മുടേത്. നമ്മളുടെ സ്കൂളിൽ പഠിപ്പിക്കുന്ന കാര്യങ്ങൾ നമുക്ക് മനസ്സിലാകും വരെ അത് വീണ്ടും വീണ്ടും എടുത്തു തരുകയും ചെയ്യുന്നവരാണ് നമ്മളുടെ സ്കൂളിലെ ടീച്ചർമാർ .വൃത്തിയിലും സ്നേടതയോടും നമ്മെ പഠിപ്പിക്കുന്ന ടീച്ചർമാരാണ് ഞങ്ങളുടെ വിദ്യാലയത്തിൽ ഉള്ളത്. സ്കൂൾ എന്നതൊരു രസകരമായ അനുഭവമാണെന്ന് പഠിപ്പിച്ചു തരുകയാണ് ടീച്ചർമാർ ചെയ്യുന്നത് .തെറ്റ് കണ്ടാൽ ശിക്ഷിക്കുകയും നല്ലത് കണ്ടാൽ അഭിനന്ദിക്കുകയും ചെയ്യുന്ന ടീച്ചർമാരാണ് ഞങ്ങളുടെ സ്കൂളുകളിൽ ഉള്ളത് . ഞങ്ങളുടെ സ്കൂളിൽ പൊതു കൗൺസിൽ ലഭ്യതയും ഉണ്ട്. ഞങ്ങളുടെ സ്കൂളിൽ ലൈബ്രറിയും അങ്ങനെ പുസ്തകം വായിക്കുന്ന സ്ഥലവും ഉണ്ട് .ഭക്ഷണം കഴിക്കുന്നതിനായി ഒരു കാന്റീൻ ഉണ്.ട് നമുക്കായി ഗ്രൗണ്ടും അതുപോലെ കളിക്കാനായി കളി വസ്തുക്കളും ഉണ്ട് ആഴ്ചയിൽ ഒരു ദിവസം പി .റ്റി .യും ലഭിക്കുന്നുണ്ട്. ഒരു ഒത്തൊരുമയും സ്നേഹമുള്ള ഒരു സ്കൂളായി ഞങ്ങളുടെ സ്കൂളിനെ ഞാൻ പരിചയപ്പെടുത്താം.

ഫെമിൻ ഷാജി
9A

# ഞങ്ങളുടെ കളിയിടം

ഞങ്ങളുടെ കളിയിടത്തിൽ കളിക്കുവാൻ വേണ്ട സാമഗ്രികൾ എല്ലാം ലഭ്യമാണ്. ആഴ്ചയിൽ ഒരു ദിവസം പി.റ്റി. യും നമുക്ക് ലഭ്യമാകുന്നു.കളിക്കുവാൻ നമുക്ക് വലിയൊരു ഗ്രൗണ്ട് ലഭ്യമാണ്. പക്ഷേ ഞങ്ങൾ നേരിടുന്ന ഒരു പ്രശ്നമാണ് പൊടിമണ്ണ് എന്നത്. ഞങ്ങൾ ഓടുന്ന സമയത്ത് ഫുൾ പൊടിയും മണ്ണും തെറിച്ച് നമ്മുടെ കണ്ണിലും മുഖത്തും ഒക്കെ  പൊടിപടലങ്ങൾ ഉണ്ടാകുന്നു.എല്ലാവർക്കും പഠനത്തേക്കാൾ ഇഷ്ടം പിടിയും മറ്റ് കളികളുമാണ് ഇഷ്ടം അതിന്റെ കൂടെ തന്നെ പഠനവും  പ്രാധാന്യമുണ്ടല്ലോ. നമുക്ക് വൈകുന്നേരം സമയങ്ങളിൽ ആണ് പി. റ്റി  ലഭിക്കുന്നത് ആ സമയങ്ങളിലാണെങ്കിൽ നമുക്ക് സാന്നിധ്യം കുറവായിരിക്കും അപ്പോൾ നമുക്ക് അധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരില്ല .

ഫെമിൻ ഷാജി
9A

# വിദ്യാഭ്യാസം

ടീച്ചർമാർ നമുക്ക് പഠിപ്പിച്ചു തരുന്നത് കൃത്യമായി മനസ്സിലാക്കുകയും നമുക്ക് നോട്ടിൽ പകർത്തുവാൻ തരുന്നത് സന്തോഷം നൽകുകയും ചെയ്യുന്നു. ചില സമയങ്ങളിൽ നമുക്ക് പഠിക്കുവാനും സ്വന്തം എഴുതുവാനും മറ്റുള്ളവർക്ക് എന്തെങ്കിലും സംശയമുണ്ടെങ്കിൽ അത് തീർത്തു കൊടുക്കുവാൻ എല്ലാ കുട്ടികളെയും നിയമിക്കുന്നുണ്ട് കുട്ടികൾ സ്വയം പര്യാപ്തരാവുക എന്ന ബോധത്തോടെയാണ് ഇവർ ഇതു ചെയ്യുന്നത് എന്നാണ് നമുക്ക് മനസ്സിലാകുന്നത്. ടീച്ചർമാർ ഇത് ചെയ്യുമ്പോൾ നമുക്ക് കൂടുതൽ മനസ്സിലാവുകയും നമ്മൾ പറഞ്ഞു കൊടുക്കുന്നവർക്ക് മനസ്സിലാവുകയും നമുക്ക് വീണ്ടും വീണ്ടും മനസ്സിലാക്കുകയും ചെയ്യുന്നു അതിലൂടെ നമുക്ക് വീണ്ടും ചിന്താശക്തിയും അറിവും ലഭിക്കുന്നു. എല്ലാ വിഷയങ്ങൾക്കും നല്ല മാർക്ക് മേടിക്കുവാൻ എന്നതാണ് നമ്മളുടെ എല്ലാവരുടെയും ലക്ഷ്യം. അതുപോലെ നാം മുന്നേറുവാൻ ശ്രമിക്കണം എന്നതിനെ ഏറെ പ്രാധാന്യമുണ്ട്. ചിന്താഗതി വളരുവാൻ കൂടുതൽ ബോധേടാവാൻ എന്ന് എന്നതിനൊക്കെയാണ് നാം പഠിക്കുന്നത്. ഒരു ജോലി നേടി സമൂഹത്തിൽ മുന്നേറുകയും വേണമെന്നത് ഓർത്ത് വളരണം. എപ്പോഴും പഠിക്കണമെന്നല്ല ചില സമയങ്ങളിൽ കളിക്കുകയും വേണം എന്നതാണ് നാം മനസ്സിലാക്കേണ്ടത്. പഠനവും കളിയും എല്ലാം ഒരേപോലെ ആവണമെന്നില്ല അരമണിക്കൂർ കളിക്കുകയാണെങ്കിൽ ഒരു മണിക്കൂർ പഠിക്കണം അങ്ങനെയൊരു രീതിയിൽ നാം വളരണം.കുട്ടികൾ സ്വയം പഠിക്കണമെന്നില്ല പക്ഷേ കുട്ടികളെ പഠിപ്പിക്കാൻ മാതാപിതാക്കളുംസഹായിക്കണം.പണ്ടത്തെ മാതാപിതാക്കൾ അധികം വിദ്യാഭ്യാസം നേടിയവരല്ല അതുകൊണ്ടാണ് അവർക്ക് വിദ്യാഭ്യാസത്തിന്റെ വില മനസ്സിലാവാത്തത്. പക്ഷേ നാം പഠിച്ചു മുന്നേറുകയാണ് ചെയ്യേണ്ടത്. "വായിച്ചാൽ വളരും വായിച്ചില്ലെങ്കിലും വളരും വായിച്ചാൽ വളയും വായിച്ചില്ലെങ്കിൽ വിളയും" എന്നത് കുഞ്ഞുണ്ണി മാഷ് ഓർമ്മിപ്പിക്കുന്ന ഒരു കാര്യമാണ്. നല്ലവണ്ണം പഠിച്ചു നല്ലവണ്ണം ജീവിക്കാൻ സാധ്യമാകണം. പഠനം എന്നതൊരു രസകരമായ വിഷയമാക്കി എടുത്ത് നാം പഠിച്ചു മുന്നേറണം.

ഫെമിൻ ഷാജി
9A

# ഉച്ചഭക്ഷണം

ഞങ്ങളുടെ സ്കൂളിൽ ഭക്ഷണം വെച്ച് തരുന്ന രാജമ്മ ചേച്ചിക്കും താത്തയ്ക്കും ഒക്കെ നന്ദിയും സ്നേഹവും ഒക്കെ ഉണ്ട്. രാവിലെ ഉച്ചയ്ക്കും നമുക്ക് വെച്ച് വിളമ്പി തരുന്ന   ആ അമ്മയ്ക്കും താത്തയ്ക്കും സ്നേഹം നിറഞ്ഞ നന്ദി ഭക്ഷണത്തിന്റെ കാര്യങ്ങളിൽ ഞങ്ങളോട് ഒന്നും ചോദിക്കാതെ സ്നേഹത്തോടെ ഞങ്ങൾക്ക് വാരി തരുന്ന ഒരു അമ്മയാണ് ഇത് ആ താത്തയും സ്നേഹം മാത്രമേ ഞങ്ങൾക്ക് തന്നിട്ടുള്ളൂ ഭക്ഷണവും വെള്ളവും എന്താണേലും ഞങ്ങൾക്ക് സ്നേഹത്തോടെ മാത്രമേ തന്നിട്ടുള്ളൂ.  ഭക്ഷണത്തിന്റെ കാര്യത്തിൽ നല്ല ഭക്ഷണമാണ് ഉണ്ടാക്കി തരുക ഭക്ഷണം തികയാതെ വന്നു കഴിഞ്ഞാൽ ഞങ്ങൾക്ക് അപ്പോൾ തന്നെ  ഉണ്ടാക്കി തരും അത്രയും സ്നേഹമാണെന്ന് മനസ്സിൽ. സന്തോഷത്തോടെ എന്നും ഞങ്ങളോട് ചോദിക്കും മക്കളെ ഭക്ഷണം കഴിച്ചോ എന്ന്. ഞങ്ങളോട് ഒരിക്കലും ഇങ്ങനെ പറയില്ല നീ ഇന്ന് ഭക്ഷണം കഴിക്കേണ്ട പൊയ്ക്കോന്ന് ഇങ്ങനെ ഒരിക്കലും പറയത്തില്ല. സ്നേഹം മാത്രമേ എന്നും ഇന്നും എപ്പോഴും.

ഫെമിൻ ഷാജി
9A

# വിണ്ണിന്റെ ദൂതൻ

എന്തിനീ തെന്നൽ പൂത്തുതളിർത്ത തരുക്കളെ തഴുകീടുന്നത്.

എന്തിനീ ഗഗനം കോപാകുലനാകുന്നത്.

ആരുടെ വാക്കുകേട്ടാണ് കാർമുകിൽ പടക്കുതിരയാകുന്നത്.

അന്തരത്തിൽ അമ്പരത്തെയേന്തി മണിതെന്നൽ

എങ്ങോട്ടാണ് പായുന്നത്.

ആരുടെ എഴുന്നെള്ളിപ്പാണ്     ആരുടെ വരവാണ്.

വിണ്ണിന്റെ ദൂദനായ മഴ വരുന്നത് ആർക്കായാണ്.

വിണ്ണിന്റെ സന്ദേശം ദൂദനായ മഴ നമ്മളിലേക്ക് അയച്ചീടുമ്പോൾ

നമ്മളിൽ സന്താപം ഉളവാക്കുന്നു.

റോബിന ജി

10 A

പൂമ്പാറ്റകൾ പൂവിൽ നിന്നും

തേൻകുടിക്കാൻ വരുന്നുണ്ട്

പാറി പാറി വന്നപ്പോൾ

നിറയെ നിറയെ പൂക്കൾ

അതുകണ്ട് സന്തോഷിച്ചു.

പൂമ്പാറ്റ തേൻ കുടിച്ചു.

വാനിൽ നിന്നും പക്ഷികൾ

പാറി പാറി വന്നപ്പോൾ

പൂമ്പാറ്റേ പൂമ്പാറ്റേ

കുഞ്ഞി പക്ഷികൾ പാട്ടുപാടി

എന്തു രസം എന്തു ചന്തം

നിന്റെ അഴകുകാണാൻ.

ദേവനന്ദ സി എസ്
3B

# മേഘങ്ങൾ

പഞ്ഞികെട്ടുകൾ പോലെ
മേഘങ്ങൾ കാണിടുമ്പോൾ
തൂവലാം സ്നേഹസ്പർശം  വിരിയുന്നു എന്നുള്ളിൽ.
രൂപങ്ങൾ കാണിടുമ്പോൾ സ്വർഗ്ഗമാം നരകംത്തിൽ
മായയായി ജാലങ്ങളും.
കാർമേഘം ഇരുളുമ്പോൾ ഇടിമിന്നൽ ഉണരുന്നു.രാമഴകൾ പൊട്ടികരഞ്ഞീടുന്നു.

പുണ്യ കെ ജെ
9 A

# എന്റെ വിദ്യാലയം

ഞാൻ ആദ്യമായി എന്റെ വിദ്യാലയത്തിലേക്ക് എത്തുന്നത് ഉമ്മയുടെ സാരിത്തുമ്പിൽ പിടിച്ച് കരഞ്ഞുകൊണ്ടാണ്.എനിക്ക് കൂട്ടുകാർ ഒന്നും തന്നെയില്ല എന്ന സങ്കടം ഞാൻ അറിഞ്ഞിരുന്നില്ല.കാരണം എന്റെ കൂടെ എന്റെ സഹോദരിയും ഉണ്ടായിരുന്നു.ഇവിടെ അമ്മമാരെപോലെതന്നെ അധ്യാപകരും ഉണ്ടായിരുന്നു.കളിയും ആട്ടവും പാട്ടും എല്ലാം ഒരു പ്രത്യേക രസമായിരുന്നു.ഓണക്കാലം വരുമ്പോൾ ഓണാഘോഷത്തിനായിരുന്നു കാത്തിരുപ്പ്.വിദ്യാലയത്തിൽ മനോഹരമായ നിരവധി സ്ഥലങ്ങൾ ഉണ്ട്. എനിക്ക് കുറെ നല്ലകൂട്ടുകാരും ഉണ്ട്. ഇതെല്ലാം കൊണ്ട് എനിക്ക് എന്റെ വിദ്യാലയം വളരെയധികം ഇഷ്ടമാണ്.എന്റെ വിദ്യാലയം ജി എച്ച് എസ് ചേനാട്.

നാജിയ ഫാത്തിമ
9A

# മുത്തശ്ശിയുടെ കണ്ണട

സുമയും കുഞ്ഞനും സ്കൂളിൽ നിന്നു വന്നാൽ ഉടനെ മുത്തശ്ശിയടെ അടുത്തെത്തും. പല്ലില്ലാത്ത മോണകാട്ടി മുത്തശ്ശി പറഞ്ഞു കൊടുക്കുന്ന കഥകൾ കേട്ടിരിക്കാൻ അവർക്കിഷ്ടമാണ്. മുത്തശ്ശി എപ്പോഴും വെറ്റില മുറുക്കും കണ്ണട വയ്ക്കും . ഒരു ദിവസം കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികളെ വിളിച്ചു മുത്തശ്ശി പറഞ്ഞു " എന്റെ കണ്ണട കാണുന്നില്ല ആരെങ്കിലും അത് എടുത്തോ ? മുത്തശ്ശി എല്ലായിടവും നോക്കി പക്ഷെ കാണാനില്ല കുട്ടികളുടെ അടുത്ത് ചെന്ന് ചോദിച്ചു. "ആരെങ്കിലും എടുത്തോ ഇങ്ങുതരൂ " കുട്ടികൾ പരസ്പരം നോക്കി ചിരിക്കുന്നത് കണ്ടപ്പോൾ മുത്തശ്ശിക്ക് ദേഷ്യം വന്നു. അവർ കുട്ടികളെ അടിയ്ക്കാനായി കൈ ഓങ്ങി. അപ്പോൾ കുട്ടികൾ ആർത്തു വിളിച്ചുകൊണ്ട് ചോദിച്ചു. "മുത്തശ്ശി........എല്ലായിടത്തും നോക്കിയോ ആ കണ്ണാടിയിൽപ്പോയി നോക്കു. കണ്ണാടിയിൽ പ്പോയി നോക്കിയപ്പോഴാണ് തന്റെ മുഖത്തിരിക്കുന്ന കണ്ണട കാണുന്നത് .മുത്തശ്ശിയും ചിരിച്ചുപോയി .കുട്ടികളുംകൂടെ പൊട്ടിച്ചിരിച്ചു.

ആൻമരിയ എ
7B

# ഭക്ഷണം കട്ട കള്ളൻ

ഒരു കൊച്ചു ഗ്രാമം .സ്നേഹത്തിന്റെയും സമൃദ്ധിയുടെയും ആൾക്കാർ പാർക്കുന്ന ഒരു ഗ്രാമം ഈ ഗ്രാമത്തിലെ ഒരു കൊച്ചു വീട്ടിലാണ് കുഞ്ഞുണ്ണി താമസിക്കുന്നത് .വൃദ്ധയായ ഒരു അമ്മയും ഭാര്യയും ഒരു കൊച്ചുമകളും ഇവരുടെ കുടുംബം വളരെ സന്തുഷ്ടമായിരുന്നു. ഒരു കർഷകനായിരുന്നു കുഞ്ഞുണ്ണി. കൃഷിചെയ്താായിരുന്നു കുഞ്ഞുണ്ണി തന്റെ കുടുംബം പോറ്റ്യിരുന്നത്

സമാധാനമായ ജീവിതം നയിച്ചിരുന്ന ഈ ഗ്രാമത്തിലേക്ക് ഒരു നാൾ കുടിയേറ്റക്കാർ അതിക്രമിച്ച് കയറി ജനങ്ങളെ ഭീതിയിലാഴ്ത്തി .ജനങ്ങളെ അവരുടെ കൂടെ അടിമകൾ ആക്കി . കുടിയേറ്റക്കാരുടെ വരവോടുകൂടി കുഞ്ഞുണ്ണിയുടെ സമാധാനം നഷ്ടപ്പെട്ടു. കുടിയേറ്റക്കാരുടെ ആക്രമണങ്ങൾ കൂടി വന്നു. ആക്രമണം സഹിക്കാൻ  വയ്യാതെ കുഞ്ഞുണ്ണി ഒരു തീരുമാനമെടുത്തു. സൂര്യനസ്തമിച്ചു. വിജനമായ വഴിപ്പാതയിലൂടെ നിലാവിന്റെ വെളിച്ചത്തിൽ കുഞ്ഞുണ്ണി തന്റെ അമ്മയെയും, ഭാര്യയെയും,  മകളെയുംകൊണ്ട് നാടു വിട്ടു.എങ്ങോട്ടു പോകണം എന്നറിയാതെ അവർ യാത്ര തുടർന്നു.

സുര്യനദിച്ചു. കുഞ്ഞുണ്ണി തന്റെ കുടുംബവുമായി എത്തിച്ചേർന്നത് ഒരു പട്ടണത്തിലായിരന്നു. തല ചായ്ക്കാൻ പോലും ഇടമില്ലാതെ ആ പട്ടണത്തിൽ അലഞ്ഞുതിരിഞ്ഞു. അങ്ങനെ അവൻ തല ചായ്ക്കാനായി ഒരു സ്ഥലം കണ്ടെത്തി .തെരുവ് വീഥിയിൽ കുഞ്ഞുണ്ണി ഒരു ഷെഡ്ഡ് കെട്ടി പിന്നീട് പ്രധാന പ്രശ്നം വിശപ്പായിരുന്നു . അന്ന് മുഴുവനും അവർ വെള്ളം കുടിച്ച് അവരുടെ വിശപ്പടക്കി . എന്നാൽ പിറ്റേന്നാൾ തന്റെ കുഞ്ഞ് വിശപ്പ് സഹിക്കാൻ വയ്യാതെ കരയാൻ തുടങ്ങി .അമ്മയും ഭാര്യയും അവശതയായി തുടങ്ങി .കുഞ്ഞുണ്ണി തന്റെ കുടുംബത്തിന്റെ വിശപ്പ് മാറാൻ നിവർത്തിയില്ലാതെ ഒരു ബേക്കറിയിൽ കയറി ഒരു കഷ്ണം റൊട്ടി മോഷ്ടിച്ച് തന്റെ അമ്മയുടേയും ,മകളുടേയും ,ഭാര്യയുടേയും വിശപ്പ് മാറ്റി . റൊട്ടി മോഷ്ടിച്ച ആളെയും തിരഞ്ഞ് റൊട്ടി കടയിലെ ഉടമസ്ഥൻ വന്ന് കുഞ്ഞുണ്ണിയെ ക്രൂരമായി മർദ്ദിച്ചു . നിവർത്തിയില്ലാതെ കുഞ്ഞുണ്ണിക്ക് തന്റെ കുടുംബത്തിന്റെ ദാരിദ്ര്യവും വിശപ്പും മാറ്റാൻ ഒരു വട്ടം കൂടി അയാൾക്ക് ആ കുറ്റ കൃത്യം ചെയ്യേണ്ടി വന്നു. മറ്റൊരു കടയിൽ നിന്നും ഒരു റൊട്ടിക്കഷണം മോഷ്ടിച്ചു. മോഷണത്തെ തുടർന്ന് പോലീസുകാർ കുഞ്ഞുണ്ണിയുടെ താമസ സ്ഥലത്തെത്തി . പോലീസുകാർ കുഞ്ഞുണ്ണിയെ ചോദ്യം ചെയ്തു. കുഞ്ഞുണ്ണി തന്റെ ജീവിത സാഹചര്യം മുഴുവനും പോലീസുകാരനെ പറഞ്ഞ് ബോധ്യപ്പെടുത്തി. കഥ കേട്ട പോലീസു കാരന് ദയവു തോന്നി കുഞ്ഞുണ്ണിക്കും കുടുംബത്തിനും അഭയം നല്കി . എത്ര കൊടും ദാരിദ്ര്യത്തിലായിരുന്നാലും അന്യന്റെ മുതൽ മോഷ്ടിക്കരുതെന്നും

# കുഞ്ഞുമഴ

ദൂരെ അങ്ങ് പെയ്യുന്നു
കുഞ്ഞിതവളകൾ കരയുന്നു
കല്ലിൽ തട്ടി മറിയുന്നു
കുഞ്ഞുമഴക്കെന്തു രസം
ചട പട ചട പട പെയ്യുന്നു
കുളവും പുഴയും നിറയുന്നു
മീനുകൾ തുള്ളിച്ചാടുന്നു
കുഞ്ഞുമഴക്കെന്തുരസം

നിരഞ്ജൻ പി എൻ

4A

## പത്രാധിപ സമിതി

പുണ്യ കെ ജെ
പൂജ കെ ജെ
വിദ്യശ്രീ എൻ വി
ലക്ഷ്മി പി അജിത്ത്
അസ്ന എം എ
നാജിയ ഫാത്തിമ
നാദിയ ഫാത്തിമ
ഷാജിത കെ കെ
സൂര്യ സുരേഷ്
ഫെമിൻ ഷാജി
ഫർഹാൻ പി യു
മുഹമ്മദ് ഷാൻ
വിഷ്ണു പി എസ്
മുഹമ്മദ് സുഹൈൽ

# *THANK YOU*

*By*

Punya K J